**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **10-06-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം രംഗത്തെ സാദ്ധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിദേശനാണ്യം നേടുന്നതിനും അടുത്ത അഞ്ചുവർഷത്തേയ്ക്ക് സമഗ്രമായ ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിദേശനാണ്യം നേടുന്നതിനുമുള്ള സമഗ്രമായ കർമ്മ പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോവിഡിനു ശേഷം കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ പ്രചാരണ പരിപാടികളും ആവിഷ്കരിച്ച് വരുന്നു. |
| (ബി) | കടൽ, കായൽ, ഹിൽ ടൂറിസം വികസിപ്പിക്കുന്നതിനായി ഈ മേഖലയിലെ നടത്തിപ്പുകാരെയും വിദഗ്ധരെയും ഉൾപ്പെടുത്തി അന്തർദേശീയ സെമിനാർ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; അങ്ങനെ എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കടൽ, കായൽ, ഹിൽ ടൂറിസം വികസിപ്പിക്കുന്നതിനായി ഈ മേഖലയിലെ നടത്തിപ്പുകാരെയും വിദഗ്ധരെയും ഉൾപ്പെടുത്തി അന്തർദേശീയ സെമിനാർ സംഘടിപ്പിക്കുന്നതിന് ആലോചിച്ചിട്ടില്ല. എന്നാൽ കടൽ, കായൽ, ഹിൽ ടൂറിസം എന്നിവ വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ